**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4796** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഹൈടെക് സൈബർ സുരക്ഷാ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. എം.വിജിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന സൈബർ ഡോമുകൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നറിയിക്കാമോ; | (എ) | സൈബർഡോമിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സൈബർ സെക്യൂരിറ്റി കൂടുതൽ ഉറപ്പുവരുത്തുന്നതിനുമായി ഡാർക്ക് നെറ്റിലെ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും അതിന്റെ അന്വേഷണങ്ങൾക്കുമായി ഡാർക്ക് നെറ്റ് റിസർച്ച് ലാബ് സ്ഥാപിക്കുന്നതിനും, രാജ്യത്തും സംസ്ഥാനത്തും ഡ്രോണുകളുടെ ഉപയോഗം വ്യാപകമാകുന്ന സാഹചര്യത്തിൽ ഡ്രോണുകളുടെ ശാസ്ത്രീയത ടെക്നിക്കൽ അനാലിസിസ് നടത്തുന്നതിനും ഡ്രോണിന്റെ സഞ്ചാര പഥങ്ങളെക്കുറിച്ചും അവയുടെ ഇൻവെസ്റ്റിഗേഷന് ആവശ്യമായ ഉപകരണങ്ങൾ ഉൾക്കൊള്ളുന്ന അത്യാധുനിക ഡ്രോൺ ഫോറൻസിക് ലാബ് സ്ഥാപിക്കുന്നതിനും മൊബൈൽ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിനാവശ്യമായ മൊബൈൽ ഫോറൻസിക്ക് ലാബ് സ്ഥാപിക്കുന്നതിനും ഇവ സൈബർ ഡോമിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന സൈബർ ഡോമുകളെ ശക്തിപ്പെടുത്തുന്നതിനായി 2021-22 സാമ്പത്തിക വർഷം പ്ലാൻ പദ്ധതിയിൽ 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഹൈടെക് സൈബർ സുരക്ഷാ കേന്ദ്രം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ, ഉൾപ്പെടുത്തി തിരുവനന്തപുരത്ത് Cyber Security Centre സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ